കേരള സർക്കാർ

# വാരപ്പെട്ടി ഗ്രാമപഞ്ചായത്ത്

## 2017-18

## ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി7)145/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്–682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

തീയതി : 05/03/2019

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വാരപ്പെട്ടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം:- വാരപ്പെട്ടിഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാരപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :</u>

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.

3)കാര്യാലയ പകർപ്പ്.

ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്–682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

തീയതി : 05.03.2019

## എറണാകുളം ജില്ലയിലെ വാരപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

എറണാകുളം ജില്ലയിലെ വാരപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തിലെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-17 മുതൽ 18-01-19വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിച്ച ശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി ജയ സി. ആർ. (ഡെപ്യൂട്ടി ഡയറക്ടർ) |

| | |
|---|---|
| ഓഡിറ്റ് നടത്തിയ തീയതി : | 19.01.2019 മുതൽ 31.01.2019 വരെ |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീ.സുരേഷ് എസ്. | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി ഷൈബി ഇ. ഡി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. ഷിബു പൗലോസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |

### (ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി നിർമ്മല മോഹനൻ | 1.4.2017 മുതൽ 31.3.2018 വരെ |

### നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|

| | | മുതൽ | വരെ |
|---|---|---|---|
| സെക്രട്ടറി | ശ്രീ.ബി.സുധീർ | 1.4.2017 | 10.4.2017 |
| | ശ്രീമതി ജയശ്രീ ആർ. (ഹെഡ് ക്ലർക്ക്-ചാർജ്) | 11.04.2017 | 06.05.2017FN |
| | ശ്രീമതി സുനിത എസ്. (ഹെഡ് ക്ലർക്ക്-ചാർജ്) | 06.05.2017AN | 24.06.2017FN |
| | ശ്രീ.പി അശോകൻ | 24.06.2017AN | 31.3.2018 |
| കൃഷി ഓഫീസർ | ശ്രീമതി.ആശ എസ്. | 1.4.2017 | 01.08.2017FN |
| | ശ്രീ ബോസ് മത്തായി | 01.08.2017AN | 08.09.2017FN |
| | ശ്രീ എം. എൻ. രാജേന്ദ്രൻ | 08.09.2017AN | 31.03.2018 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. അനിത വി. ഷേണായി | 1.4.2017 | 22.08.2017FN |
| | ഡോ.ബിനി ജോൺ | 22.08.2017AN | 31.03.2018 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. എം.ആർ. ശിവദാസ് | 1.4.2017 | 31.07.2017 |
| | ഡോ. ഷീന ആനി തോമസ് | 01.8.2017 | 31.03.2018 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. ഷീല പി.വി. | 1.4.2017 | 31.3.2018 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ , വാരപ്പെട്ടി | ശ്രീ.അനീഷ് കുമാർ പി.വി. | 1.4.2017 | 31.3.2018 |
| ഹെഡ് മാസ്റ്റർ, ഗവ.എൽപി.എസ്. ഇളങ്ങവം | ശ്രീ.അലിയാർ പി. | 1.4.2017 | 31.3.2018 |
| വെറ്ററിനറി സർജൻ | ഡോ. റസീന കരിം | 1.4.2017 | 31.3.2018 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. ഹരി ആർ. | 1.4.2017 | 03.10.2017FN |
| | ശ്രീമതി ലാല്യ ഇ.ബി. | 03.10.2017AN | 31.03.2018 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.റമീസ് പി. മുഹമ്മദ് | 1.4.2017 | 28.06.2017FN |
| | ശ്രീ സുജിത് പി. രാഘവൻ | 28.06.2017AN | 30.09.2017 |
| | ശ്രീമതി എലിസബത്ത് സി. ജോർജ്ജ് | 01.10.2017 | 31.03.2018 |

.

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |

| | | |
|---|---|---|
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| 13 | ഓഡിറ്റ് ഇംപാക്ട് | 1-13 |
| | ഭാഗം 2 | |
| 14 | കെട്ടിട നികുതി പുനർനിർണയത്തിലെ അപാകം - ആഡിറ്റോറിയം, പാർപ്പിടാവശ്യം എന്ന് കാണിച്ച് നികുതി നിശ്ചയിച്ചു | 2-1 |
| 15 | തൊഴിൽ നികുതി ഈടാക്കിയില്ല | 2-2 |
| 16 | ബൈലോയിൽ മാറ്റം വരുത്താതെ ഉയർന്ന വാടക ഈടാക്കുന്നു. | 2-3 |
| | ഭാഗം- 3 | |
| 17 | പ്രഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് പദ്ധതി | 3-1 |
| 18 | വിദ്യാർത്ഥികൾക്ക് യോഗ, തായ്ക്വോണ്ടോ പരിശീലനം- മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് നടത്തി | 3-2 |
| 19 | എ ബി സി പ്രോഗ്രാം-പദ്ധതി തുക നൽകിയെങ്കിലും നടപ്പിലാക്കിയില്ല | 3-3 |
| 20 | കാലി വീപ്പയുടെ വില ഈടാക്കിയില്ല -നഷ്ടം 92960 /- | 3-4 |
| 21 | പ്രിന്റിംഗ് ചാർജ്ജ് – പഞ്ചായത്ത് നൽകിയത് വളരെ ഉയർന്ന നിരക്ക് | 3-5 |
| 22 | തെരുവു വിളക്കുകളുടെ കറണ്ട് ചാർജ്ജ് | 3-6 |
| 23 | സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരം-പിഴയിനത്തിൽ വാട്ടർ അതോറിറ്റി ഡിമാന്റ് – ലക്ഷങ്ങൾ | 3-7 |
| 24 | മുൻകൂർ നൽകിയത് പൂർണമായും റീക്കൂപ്പ് ചെയ്തിട്ടില്ല | 3-8 |
| 25 | തെരുവ് വിളക്ക് മെയിന്റനൻസ് - അപാകതകൾ | 3-9 |
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 26 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 27 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 29 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 30 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 31 | ഓഡിറ്റ് റിക്കവറി | 4-6 |
| 32 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 33 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |

| | | |
|---|---|---|
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 36 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2017-18 | അനുബന്ധം.1 |
| 37 | ബാലൻസ് ഷീറ്റ് 2017-18 | അനുബന്ധം.2 |
| 38 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2017-18 | |
| 39 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് 2017-18 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 ലേക്കുള്ള ബജറ്റ് 28.03.2017 തീയതിയിലെ 7(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 19.03.2018 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 14.05.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 29.6.2018 & 30.6.2018 | KSA-EKM(PG)1786 (81)/18 /30.08.2018 |

(ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ്, ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.*)*

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5560876.00 |
| വരവ് | 48689427.00 |
| ആകെ | 54250303.00 |
| ചെലവ് | 47586553.00 |
| നീക്കിയിരിപ്പ് | 6663750.00 |

## 1-5 ഫണ്ട് വിനിയോഗം

ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീക്കി ബാക്കി | ചെലവഴിക്കാതെ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | (RP40B) | പോയ തുക |
| വികസന ഫണ്ട് (ജനറൽ) | 0 | 9362000 | 9362000 | 9359053 | 0 | 2947 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 1626007 | 1626007 | 1304000 | 0 | 322007 |
| വികസന ഫണ്ട് (ടി. എസ്. പി) | 0 | 73000 | 73000 | 0 | 0 | 73000 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 8466593 | 8466593 | 8466593 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 2591000 | 2591000 | 2417454 | 0 | 173546 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 4396411 | 4396411 | 4396411 | 0 | 0 |
| കെ.എൽ.എസ്. ജി. ഡി. പി | 0 | 547148 | 547148 | 371217 | 0 | 175931 |
| എം.ജി.എൻ ആർ.ഇ.ജി.എസ്. | 102755 | 370740 | 473495 | 463645 | 9850 | 0 |
| എം.എൻ ആർ.ജി.എസ്. (EFMS). | 0 | 8547074 | 8547074 | 8547074 | 0 | 0 |
| ട്രഷറി ടി.എസ്.ബി. ജോയിന്റ് വെഞ്ചർ | | 0 | 0 | 0 | 0 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 0 | 771000 | 771000 | 771000 | 0 | 0 |
| ജില്ലാ പഞ്ചായത്ത് | 0 | 3982500 | 3982500 | 3982500 | | |
| കേന്ദ്ര ഫണ്ട് (ഐ സി ഡി എസ്) | 0 | 531432 | 531432 | 0 | | 531432 |
| സാക്ഷരത | 12214 | 455 | 12669 | 0 | 0 | 12669 |
| ജനറൽ പർപ്പസ് ഗ്രാന്റ് (ട്രഷറി) | 1654850 | 6074000 | 7728850 | 7724293 | 0 | 4557 |
| തനത് ഫണ്ട് | | | | | | |
| എസ് ബി ഐ വാരപ്പെട്ടി, EDCB | 3592695 | 10132031 | 13724726 | 7838047 | 0 | 5886679 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്. (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്. (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്. (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 150 | 31851424 | 131 | 26314728 | 0 | 19 | 87.33% |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 102755 | 370740 | 473495 | 463645 | 9850 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 8547074 | 8547074 | 8547074 | 0 |
| ആകെ | 102755 | 8917814 | 9020569 | 9010719 | 9850 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 51600 | 90 |
| കർഷകതൊഴിലാളി പെൻഷൻ | 4006300 | 336 |
| വിധവാ പെൻഷൻ | 6838000 | 584 |
| വാർദ്ധക്യകാല പെൻഷൻ | 11043800 | 862 |
| ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 2372100 | 206 |
| അവിവാഹിതരായ 50 വയസ്സിനു മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 279200 | 24 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 90000 | 3 |

.

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.01.2019 -ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8055/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം വാണിജ്യ ആവശ്യത്തിനുള്ള 599 കെട്ടിടങ്ങൾക്കും വ്യവസായ ആവശ്യത്തിനുള്ള 144 കെട്ടിടങ്ങൾക്കും മൈക്രോ വ്യവസായ യൂണിറ്റുകളുടെ 20 കെട്ടിടങ്ങൾക്കും നമ്പർ നൽകിയിട്ടുണ്ട്. എന്നാൽ ഡി & ഓ രജിസ്റ്റർ പ്രകാരം 142 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ഇതിൽനിന്നും ലൈസൻസെടുക്കാത്ത സ്ഥാപനങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാണ്. വ്യവസായ-വാണിജ്യ സ്ഥാപനങ്ങളുടെ വാർഡ്

അടിസ്ഥാനത്തിലുള്ള ലിസ്റ്റ് ലഭ്യമല്ലാത്തതുകൊണ്ട് ലൈസൻസെടുക്കാത്ത എത്ര സ്ഥാപനങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെന്ന് കണ്ടെത്താൻ സാധിച്ചിട്ടില്ല. വ്യവസായ-വാണിജ്യ സ്ഥാപനങ്ങളുടെ വാർഡ് അടിസ്ഥാനത്തിലുള്ള ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.01.2019 | 12/2018 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.02.2016 മുതൽ 22.02.2016 വരെ | 2010-11മുതൽ 2014-15 വരെ | 17.03.2016 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

1. വസ്തുനികുതിയുടെ സഞ്ചയ പ്രകാരമുള്ള ഡി.സി.ബി.സ്റ്റേറ്റ്മെന്റ് വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.
2. ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായി അക്കൗണ്ട് ചെയ്ത് വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.
3. ബി4 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളതും തനത് ഫണ്ടിനൊപ്പം നിക്ഷേപിച്ചിട്ടുള്ളതുമായ ഗ്രാന്റ് തുകകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

## 1-13 ഓഡിറ്റ് ഇംപാക്റ്റ്

2017-18 വർഷം തൊഴിലുറപ്പ് പദ്ധതി പ്രകാരം ഏറ്റെടുത്ത വിവിധ മരാമത്ത് പ്രവൃത്തികൾക്ക് ആവശ്യമായ സാമഗ്രികൾ വിതരണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ നജീബ് സൈതുമുഹമ്മദ്, പുന്നേക്കോട്ടയിൽ ഗ്രാനൈറ്റ്സ്, പി.കെ ഉമ്മർ എന്നിവർ സമർപ്പിച്ച ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്. സാധനങ്ങൾ സപ്ലൈ ചെയ്തതിന് കരാറുകാരന് തുക അനുവദിച്ചപ്പോൾ ആദായ നികുതി ഈടാക്കിയിരുന്നില്ല. ഓഡിറ്റ് എൻക്വയറി നൽകിയതിന്റെ അടിസ്ഥാനത്തിൽ 29-01-19ലെ 118040112747, 118040112746 നമ്പർ രസീതുകൾ പ്രകാരം 5870/-രൂപ ഒടുക്കിയിട്ടുണ്ട്.

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കെട്ടിട നികുതി പുനർനിർണയത്തിലെ അപാകം - ആഡിറ്റോറിയം, പാർപ്പിടാവശ്യം എന്ന് കാണിച്ച് നികുതി നിശ്ചയിച്ചു

മാർത്തോമ സെഹിയോൻ പള്ളിവക കെട്ടിടം (12/84) പാർപ്പിടാവശ്യം എന്ന് കാണിച്ചാണ് നികുതി ചുമത്തിയിരിക്കുന്നത്. കോൺക്രീറ്റ് മേൽക്കൂരയും മേൽത്തരം തടിയിലും ഇറ്റാലിയൻ മാർബിളിലും, ഗ്രാനൈറ്റിലും നിർമ്മിച്ചിരിക്കുന്ന കെട്ടിടം (322$m^2$) കല്യാണാവശ്യങ്ങൾക്കും, മതപഠനത്തിനുമായി ഉപയോഗിക്കുന്നതായി അന്വേഷണത്തിൽ അറിയാൻ സാധിച്ചു. പ്രസ്തുത കെട്ടിടം ആഡിറ്റോറിയം, ഹാൾ എന്നീ വിഭാഗത്തിൽ ഉൾപ്പെടുന്നു. എന്നാൽ പാർപ്പിടാവശ്യം എന്ന് കാണിച്ച് നികുതി നിശ്ചയിച്ചതിനാൽ വരുമാന നഷ്ടത്തിനിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

| നിശ്ചയിച്ച നികതി | | നിശ്ചിയിക്കേണ്ടിയിരുന്ന നികുതി |
|---|---|---|
| അടിസ്ഥാന വസ്തു നികുതി നിരക്ക് | @6/- പാർപ്പിട ആവശ്യത്തിനുള്ള നിരക്ക് | @30/- (ഓഡിറ്റോറിയം, അസംബ്ളി കെട്ടിടം തുടങ്ങിയവയ്ക്ക് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ളത് ) |
| അടിസ്ഥാന വസ്തു നികുതി | 1932 | 9660 |
| ഇളവ് (20%) | 386.40 | 1932 |
| വർദ്ധനവ് (35%) | 676.20 | 3381 |
| വാർഷിക വസ്തു നികുതി | 2222 | 11109 ( 2013-14പ്രാബല്യത്തിൽ) |
| ലൈബ്രറി സെസ് | 112 | 556 |

പ്രതിവർഷമുണ്ടായ കുറവിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| വസ്തു നികുതി | 11109 – 2222 = 8887 |
| ലൈബ്രറി സെസ് | 556- 112 = 444 |
| ആകെ | 9331 |
| 2013-14 മുതൽ 2017-18 വരെയുണ്ടായ നഷ്ടം | 46655/- (9331 x5) |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഉപയോഗക്രമം അനുസരിച്ച് നികുതി പുനർ നിർണ്ണയിക്കുമെന്നാണ് മറുപടിയിൽ അറിയിച്ചിട്ടുള്ളത്. വസ്തുനികുതി പുനർ നിർണ്ണയിച്ച് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി ഈടാക്കിയില്ല

വാരപ്പെട്ടി ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 204 പ്രകാരം ഈടാക്കേണ്ട തൊഴിൽ നികുതി ഈടാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

എ) താഴെ ചേർത്ത സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1. ബി.എസ്.എൻ.എൽ. ഓഫീസ്, വാരപ്പെട്ടി
2. സപ്ലൈകോ മാവേലി സ്റ്റോർ,വാരപ്പെട്ടി-ഒന്നാം അർദ്ധവർഷം
3. APCOS, ഇളങ്ങവം-ഒന്നാം അർദ്ധ വർഷം

ബി)

ഡോ.ദീപു ജോർജ് മാത്യു, എം. ഡി. എസ്, നിർണ്ണയ ഓറോ-ഫേഷ്യൽ ഡയഗ്നോസ്റ്റിക് &ട്രീറ്റ്മെന്റ് എന്ന വ്യക്തിയുടെ തൊഴിൽ നികുതി രണ്ട് അർദ്ധവർഷങ്ങളിലെയും ഈടാക്കിയിട്ടില്ല. ഇത്

സംബന്ധിച്ച് 29.01.2019 ൽ നൽകിയ 14ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തൊഴിൽ നികുതി തിട്ടപ്പെടുത്തി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-3 ബൈലോയിൽ മാറ്റം വരുത്താതെ ഉയർന്ന വാടക ഈടാക്കുന്നു.

വാരപ്പെട്ടി ഗ്രാമ പഞ്ചായത്തിലെ കമ്മ്യൂണിറ്റി ഹാളിന് ഒരു അംഗീകൃത ബൈലോ നിലവിലുള്ളതും ബൈലോ പ്രകാരം ഈടാക്കാവുന്ന വാടകയുടെ വിവരം താഴെ കൊടുത്തിട്ടുള്ള പ്രകാരമാണ്.

| | |
|---|---|
| ഹാൾ വാടക വിവാഹം, ടീ പാർട്ടി | 3,000/- |
| പബ്ലിക്ക് മീറ്റിംഗുകൾക്ക്-കിച്ചൺ ഒഴികെ | 2,000/- |
| രാഷ്ട്രീയപാർട്ടികൾക്ക് | 500/- |

പഞ്ചായത്ത് കമ്മറ്റിയുടെ 31.03.2017 -ലെ തീരുമാന നമ്പർ 1 പ്രകാരം കമ്മ്യൂണിറ്റി ഹാളിന്റെ വാടക താഴെ പറയും പ്രകാരമാണ്. (എന്നു മുതൽ പ്രാബല്യത്തിൽ വരുന്നു എന്ന് തീരുമാനത്തിൽനിന്നും വ്യക്തമല്ല. )

| രണ്ടു ഹാളിനും കൂടി | | പുതിയ ഹാളിനു മാത്രം | |
|---|---|---|---|
| വാടക | 13,500/- | വാടക | 5,000/- |
| ടാക്സ് | 1,950/- | ടാക്സ് | 500/- |
| ഡിപ്പോസിറ്റ് | 4,000/- | ഡിപ്പോസിറ്റ് | 2,500/- |
| ആകെ | 18,950/- | ആകെ | 8,000/- |
| സംഘടനകൾ ക്ലബുകൾ രാഷ്ട്രീയ പാർട്ടികൾ എന്നിവയ്ക്ക് | | | |
| രണ്ടു ഹാളിനും കൂടി | | പുതിയ ഹാളിനു മാത്രം | |
| വാടക | 3,500/- | വാടക | 500/- |
| ടാക്സ് | 630/- | ടാക്സ് | 90/- |
| ഡിപ്പോസിറ്റ് | 1,500/- | ഡിപ്പോസിറ്റ് | 1500/- |
| ആകെ | 4,630/- | ആകെ | 2,090/- |

പഞ്ചായത്ത് കമ്മറ്റിയുടെ മേൽ തീരുമാനപ്രകാരം വാടക പുതുക്കി നിശ്ചയിച്ചുവെങ്കിലും ബൈലോയിൽ മാറ്റം വരുത്തിയിട്ടില്ല. ബൈലോ അംഗീകരിച്ചതിനു ശേഷം കമ്മ്യൂണിറ്റി ഹാളിന് കൂട്ടിച്ചേർക്കലുകളും കമ്മ്യൂണിറ്റി ഹാൾ കോമ്പൗണ്ടിൽ പുതിയ ഹാൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. പുതിയ ഹാൾ നിർമ്മിച്ചതിന്റെ വിവരം ബൈലോയിൽ ഉൾപ്പെടുത്തിയിട്ടില്ല. അംഗീകൃത ബൈലോ നിലവിലുള്ളപ്പോൾ മേൽപ്പറഞ്ഞ പ്രകാരം വാടകയിൽ വരുത്തിയ മാറ്റം ബൈലോയിൽ ഉൾപ്പെടുത്താത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വറി(നം.5)ക്ക് ബൈലോയിൽ മാറ്റം വരുത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്ന മറുപടി ലഭ്യമാക്കി. ബൈലോയിൽ ആവശ്യമായ മാറ്റം വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പ്രഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ് പദ്ധതി

| | |
|---|---|
| പ്രോജക്റ്റ് നം. | S031/18 |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പ്രഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് |
| അടങ്കൽ | 2,79,400/-(എസ് സി പി) |
| ചെലവ് | 2,79,400/- |
| ബിൽ നമ്പർ | 2/17-18 തീയതി 18.01.2017 - |

വി ഇ ഒ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ഈ പ്രോജക്റ്റിൽ 11 വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്തിട്ടുണ്ട്. അപേക്ഷകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന 3വിദ്യാർത്ഥികൾ എൽ ബി എസ് സെന്റർ നടത്തുന്ന 'ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ്' എന്ന സർട്ടിഫിക്കറ്റ് കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികളാണ്.

1) ഇന്ദുജമോൾ എൻ ബി, നീലിമലയിൽ, ഏനാനല്ലൂർ പി ഒ

2) നിഉന കെ വിജയൻ, കുഴിയാപ്പാറ, വാരപ്പെട്ടി പി ഒ

3) ജഗൽനി കെ എ, കുഴിത്തൊട്ടിപ്പറമ്പിൽ, ഏനാനല്ലൂർ പി ഒ

2017-18 സബ്സിഡി മാർഗരേഖ സ ഉ(എം എസ്) നം.80/2017 തസ്വഭവ തീയതി 03.04.2017 പ്രകാരം കമ്പ്യൂട്ടർ സയൻസ് ഡിപ്ലോമ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ലാപ്ടോപ്പിന് അർഹത. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ആനുകൂല്യം അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7 തീയതി 28.01.2019) നിർവ്വഹണോദ്യോഗസ്ഥൻ സമർപ്പിച്ച രേഖകൾപ്രകാരം നിർവ്വഹണോദ്യോഗസ്ഥന്റെ കത്ത് മറികടന്ന് ആനുകൂല്യം നൽകാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തതായി കാണുന്നു. പദ്ധതികൾ നടപ്പിലാക്കുമ്പോൾ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ മറികടന്ന് ആനുകൂല്യം അനുവദിക്കുന്നത് ആശാസ്യമല്ല. ഇത്തരം പ്രവണതകൾ ഒഴിവാക്കേണ്ടതാണെന്ന കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-2 വിദ്യാർത്ഥികൾക്ക് യോഗ, തായ്ക്വാണ്ടോ പരിശീലനം

| | |
|---|---|
| പ്രോജക്ട് | വിദ്യാർത്ഥികൾക്ക് യോഗ, തായ്ക്വണ്ടോ പരിശീലനം |
| പ്രോജക്ട് നം | S0174/18 |
| അടങ്കൽ | 1,00,000/- ( വികസന ഫണ്ട്-സാധാരണം ) |
| ചെലവ് | 99,100/- |
| ബിൽ നമ്പർ | 4/17-18 തീയതി 21.03.2018 |

ഹെഡ്മാസ്റ്റർ, ഗവ. എൽ.പി. സ്കൂൾ നടപ്പിലാക്കിയ ഈ പദ്ധതിയിൽ സ്കൂൾ വിദ്യാർത്ഥികൾക്ക് യോഗ, തായ്ക്വാണ്ടോ എന്നിവ പരിശീലിപ്പിക്കുന്നതിന് 99,100/- രൂപ ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്തിരാജ്/നഗരപാലികസ്ഥാപനങ്ങൾ സബസിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗരേഖ സ.ഉ(എം എസ്) നമ്പർ 80/2017/തസ്വഭവ തീയതി 03.04.2017 പ്രകാരം യോഗ, തായ്ക്വണ്ടോ പരിശീലന പദ്ധതി ജില്ലാ പഞ്ചായത്ത്, നഗരസഭകൾ എന്നിവയ്ക്കാണ് ഏറ്റെടുക്കാവുന്നത്. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കിയതിന് വിശദീകരണവും പരിശീലന പരിപാടിയിൽ പങ്കെടുത്ത വിദ്യാർത്ഥികളുടെ ഹാജർ വിവരവും ലഭ്യമാക്കാനും ആവശ്യപ്പെട്ട് നൽകിയ 28.01.2019 ലെ 10-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മാർഗ്ഗരേഖയ്ക്കനുസൃതമായി മാത്രം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതും

അല്ലാത്ത പക്ഷം സർക്കാർ അനുമതി മുൻകൂർ ലഭ്യമായതിനുശേഷം മാത്രം ഇത്തരം പദ്ധതികൾ നടപ്പിലാക്കാനും ശ്രദ്ധിക്കേണ്ടതാണ്.

## 3-3 എ ബി സി പ്രോഗ്രാം - തുക നൽകിയെങ്കിലും പ്രോജക്ട് നടപ്പിലാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം. | S065/18 |
| പ്രോജക്ടിന്റെ പേര് | എ ബി സി പ്രോഗ്രാം |
| അടങ്കൽ | 81250/-(വികസന ഫണ്ട്-സാധാരണ വിഹിതം) |
| ചെലവ് | 81250/- |
| ബിൽ നമ്പർ | 15/17-18 തീയതി 24.03.2018 |

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ഈ പ്രോജക്ടിൽ തെരുവ് നായ്ക്കളെ വന്ധ്യംകരണം നടത്തുന്നതിനായി കുടുംബശ്രീ ജില്ലാ മിഷൻ കോ ഓർഡിനേറ്റർക്ക് 24.03.2018 ൽ അക്കൌണ്ട് ട്രാൻസ്ഫർ മുഖേന 81250/-രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ നായ്ക്കളെ വന്ധ്യംകരണം നടത്തി പദ്ധതി പൂർത്തീകരിച്ചതിന്റെ രേഖകളൊന്നും ഫയലിൽ ലഭ്യമല്ല. പഞ്ചായത്തിലെ തെരുവ് നായ്ക്കളുടെ എണ്ണം കണക്കാക്കി അതിനനുസൃതമായാണ് തുക അടവാക്കേണ്ടത്. ഇതനുസരിച്ച് തെരുവ് നായ്ക്കളുടെ എണ്ണം തിട്ടപ്പെടുത്തി അറിയിച്ചതിന്റെയും, പദ്ധതി പൂർത്തീകരിച്ചതിന്റെയും വിശദാംശങ്ങൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ 28.01.2019 ലെ 8-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഒന്നും ലഭ്യമാക്കിയിട്ടില്ല. പദ്ധതി പൂർത്തീകരിച്ചതിന്റെ രേഖകൾ ഹാജരാക്കുന്നത് വരെ ഈയിനത്തിലെ 81250/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 കാലി വീപ്പയുടെ വില ഈടാക്കിയില്ല -നഷ്ടം 92960 /-

അസി.എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി ചെയ്തിട്ടുള്ള താഴെപ്പറയുന്ന റോഡ് ടാർ ചെയ്യുന്ന പ്രവൃത്തിയിൽ പാക്കഡ് ബിറ്റുമിനുള്ള നിരക്കാണ് അനുവദിച്ചിരിക്കുന്നത്. എന്നാൽ ബിൽ പ്രകാരം കരാറുകാർക്ക് തുക നൽകിയപ്പോൾ കാലി വീപ്പയുടെ വില ഈടാക്കിയില്ല. ഈയിനത്തിൽ ഈടാക്കേണ്ട തുകയുടെ വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | ഉപയോഗിച്ച അളവ് (kg) | കാലി വീപ്പയുടെ എണ്ണം/- | ഈടാക്കേണ്ടവില | | ചെലവു വിവരം (ബിൽ നമ്പർ) | കരാറുകാരൻ |
|---|---|---|---|---|---|---|---|
| | | | | @238 | GST 18% | | |
| 1. | പൂനാക്കുടി പീടിക -അറയ്ക്കപ്പടി റോഡ് റീടാറിംഗ് | എമൽഷൻ- 364.82 ബിറ്റുമിൻ -3693 | 26 | 6188 | 1114 | 37/22-02-18 | ഗോപി .കെ |
| 2. | ഒളിക്കോട്ടുപടി -മലമുകളിൽ റോഡ് റീടാറിംഗ് | എമൽഷൻ-- 280.12 ബിറ്റുമിൻ -2626 | 18 | 4284 | 772 | 30/22-02-18 | മമ്മുകുഞ്ഞ് |
| 3 | പെൻസില്യ കുന്നു- ആനച്ചിറ റോഡ് മെറ്റലിംഗ് ടാറിംഗ് | എമൽഷൻ- 567 ബിറ്റുമിൻ -1113.2 | 10 | 2380 | 428 | 55/22-03-18<br>56/22-03-18 | സി.ജി.ഗോപാലകൃഷ്ണൻ |

| | | | | | | | |
|---|---|---|---|---|---|---|---|
| 4 | പീടികപ്പടി -അകത്തൂട്ടപടി റോഡ് മെറ്റലിംഗ് ടാറിംഗ് | എമൽഷൻ- 1144 ബിറ്റുമിൻ -2145 | 20 | 4760 | 857 | 64/28-03-18 | സൈജു അരവിന്ദ് |
| 5 | കമ്പനിപ്പടി -തീപ്പെട്ടി കമ്പനി റോഡ് റീടാറിംഗ് | എമൽഷൻ- 311 ബിറ്റുമിൻ-3176 | 23 | 5474 | 986 | 39/22-02-18 40/22-02-18 | ഗോപി .കെ |
| 6 | പരത്തറകണ്ടം ലിഫ്റ്റ് ഇറിഗേഷൻ റോഡ് മെറ്റലിംഗ് ടാറിംഗ് | എമൽഷൻ- 953 ബിറ്റുമിൻ-1788 | 17 | 4046 | 728 | Voucher no 21701344/ 24-03-18 | എൻ. ബി മൊയ്തീൻ |
| 7 | കുഴിക്കണ്ടപ്പടി- അത്തിപ്പള്ളിറോഡ് മെറ്റലിംഗ് ടാറിംഗ് | എമൽഷൻ- 550 ബിറ്റുമിൻ-1079 | 10 | 2380 | 428 | 32/15-02-18 | മമ്മുകുഞ്ഞ് |
| 8 | പാത്തി നട -MVIPകനാൽ റോഡ് റീടാറിംഗ് | എമൽഷൻ- 340 ബിറ്റുമിൻ-1925 | 14 | 3332 | 600 | 34/22-02-18 | മമ്മുകുഞ്ഞ് |
| 9 | ആറ്റാം ചേരിപ്പാറ -കച്ചേരി മഠം റോഡ് റീടാറിംഗ് | എമൽഷൻ-422 ബിറ്റുമിൻ-2279 | 17 | 4046 | 728 | 27/22-02-18 | മമ്മുകുഞ്ഞ് |
| 10 | കോഴിപ്പിള്ളി -തിരുമടക്ക് റോഡ് റീടാറിംഗ് | എമൽഷൻ- 519 ബിറ്റുമിൻ-2567 | 19 | 4522 | 814 | 33/22-02-18 | മമ്മുകുഞ്ഞ് |
| 11 | 8-ാം മൈൽ മുസ്ലീംപള്ളിറോഡ് റീടാറിംഗ് | എമൽഷൻ- 158 ബിറ്റുമിൻ-728 | 6 | 1428 | 257 | 34/22-02-18 | ഗോപി.കെ |
| 12 | മംഗലത്തുപടി -മണിയാട്ടു കുടിത്താഴം റോഡ് റീടാറിംഗ് | എമൽഷൻ- 700 ബിറ്റുമിൻ-1373 | 12 | 2856 | 514 | 28/22-02-18 | മമ്മുകുഞ്ഞ് |
| 13 | വട്ടകുടി പീടിക -കാവുംപടി റോഡ് റീടാറിംഗ് | എമൽഷൻ- 364.62 ബിറ്റുമിൻ-3735 | 26 | 6188 | 1114 | 38/22-02-18 | ഗോപി.കെ |
| 14 | പറിക്കാമറ്റം -തണ്ടേപ്പടിറോഡ് മെറ്റലിംഗ് ടാറിംഗ് | എമൽഷൻ- 190 ബിറ്റുമിൻ-892 | 7 | 1666 | 300 | 35/22-02-18 | ഗോപി.കെ |
| 15 | അമ്പലംപടി കനാൽ റോഡ് റീടാറിംഗ് | എമൽഷൻ- 392 ബിറ്റുമിൻ-2436 | 18 | 4284 | 771 | 54/22-03-18 | സി.ജി ഗോപാലകൃഷ്ണൻ |
| 16 | അമ്പലംപടി ചാലുമാറിക്കടവ് റോഡ് റീടാറിംഗ് | എമൽഷൻ- 392 ബിറ്റുമിൻ-4063 | 28 | 6664 | 1200 | 48/14-03-18 | ഗോപി.കെ |

| | | | | | | | |
|---|---|---|---|---|---|---|---|
| 17 | ഇഞ്ചൂർ -അമ്പലംപടി പിടവൂർ റോഡ് റീടാറിംഗ് | എമൽഷൻ- 230 ബിറ്റുമിൻ-2470 | 17 | 4046 | 728 | 53/22-03-18 | സി.ജി ഗോപാലകൃഷ്ണൻ |
| 18 | MVIP കനാൽ റോഡ് റീടാറിംഗ് | എമൽഷൻ- 371 ബിറ്റുമിൻ-4086 | 28 | 6664 | 1200 | 62/27-03-18 | പ്രിയദർശൻ |
| 19 | കോഴിപ്പിള്ളി -പഴയിടംമാറി റോഡ് റീടാറിംഗ് | എമൽഷൻ- 120 ബിറ്റുമിൻ-1231 | 9 | 2142 | 386 | 29/22-02-18 | മമ്മുകുഞ്ഞ് |
| 20 | ആരാധനാ മഠം- മണിക്കയംറോഡ് റീടാറിംഗ് | എമൽഷൻ- 331 ബിറ്റുമിൻ -653 | 6 | 1428 | 257 | 31/22-02-18 | മമ്മുകുഞ്ഞ് |
| | ആകെ | | | 78778 | 14182 | | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 1)കരാറുകാരനിൽ നിന്നും തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.ടി തുക കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഫൈനൽ ബിൽ പ്രകാരമുള്ള തുക നൽകിയ അസി.എഞ്ചിനിയറുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 3-5 പ്രിന്റിംഗ് ചാർജ്ജ്-പഞ്ചായത്ത് നൽകിയത് വളരെ ഉയർന്ന നിരക്ക്

| | |
|---|---|
| പ്രോജക്ട് | പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിട്ടറിംഗ് |
| പ്രോജക്ട് നം | S09/18 |
| അടങ്കൽ | 2,50,000/- ( 35900/-വികസന ഫണ്ട്-സാധാരണം, ധനകാര്യ കമ്മീഷൻ അവാർഡ് 153300/-, തനത് ഫണ്ട് 60800/-) |
| ചെലവ് | 174259/- |
| ബിൽ നമ്പർ/വൌച്ചർ നമ്പർ | 7/17-18 തീയതി 11.08.2017 തുക112040/-<br>37/17-18 തീയതി 26.03.2018 തുക10953/-<br>22/17-18 തീയതി 19.01.2018 തുക 5055/-<br>24/17-18 തീയതി 19.01.2018 തുക 4213/-<br>32/17-18 തീയതി 14.02.2018 തുക 9268/-<br>36/17-18 തീയതി 26.03.2018 തുക 24947/-<br>21701339 തീയതി 26.03.2018 തുക 7783/- |

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രോജക്ടിന്റെ അച്ചടി ജോലികൾ കരാറെടുത്തത് രൂപകല പ്രിന്റേഴ്സ് , കോതമംഗലം എന്ന സ്ഥാപനമാണ്. അച്ചടി ജോലികൾ നിർവ്വഹിച്ചതിന് തുക നൽകിയതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

| ബിൽ നം. 018 തീയതി : 08.07.2017 | | |
|---|---|---|
| അച്ചടിച്ച പുസ്തകം | ക്വട്ടേഷൻ പ്രകാരമുള്ള നിരക്ക് | ബിൽ പ്രകാരം നൽകിയ തുക |
| കരട് പദ്ധതി രേഖ (സൈസ് D1/4) | (4 മൾട്ടി കളർ പേജ്)200 ബുക്ക് വരെ 5300/- രൂപ (ബ്ലാക്ക് & വൈറ്റ് )200 ബുക്ക് വരെ ഒരു പേജിന് 380/-രൂപ | 200 ബുക്കിന് 19500/-രൂപ |
| അന്തിമ പദ്ധതി രേഖ പേജ് (സൈസ് D1/4) | (4 മൾട്ടി കളർ പേജ്)200 ബുക്ക് വരെ 5300/- രൂപ (ബ്ലാക്ക് & വൈറ്റ് )200 ബുക്ക് വരെ ഒരു പേജിന് 380/-രൂപ | 100ബുക്കിന് 20500/-രൂപ |

| ബിൽ നം.: 017 തീയതി 08.06.2017 | | |
|---|---|---|
| സ്റ്റാറ്റസ് റിപ്പോർട്ട് ബുക്ക് (സൈസ് D1/4) | ക്വട്ടേഷനിൽ നിരക്ക് ചേർത്തിട്ടില്ല | 10ബുക്കിന് 33200/-രൂപ |
| വികസന രേഖ റിപ്പോർട്ട് ബുക്ക് (സൈസ് D1/4) | നിരക്ക് ചേർത്തിട്ടില്ല | 10 ബുക്കിന് 10200/-രൂപ |

സ്ഥാപനം ക്വോട്ട് ചെയ്തിട്ടുള്ള നിരക്കുകൾ പരിശോധിച്ചാൽ 4 മൾട്ടി കളർ പേജിന് 5300/-രൂപ എന്നും ബ്ലാക്ക് & വൈറ്റ് പ്രിന്റിംഗിന് പേജിന് 380/-രൂപ എന്നുമുള്ള വളരെ ഉയർന്ന പ്രിന്റിംഗ് ചാർജ്ജാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്ന് കാണാം. പഞ്ചായത്തിന്റെ 230 പേജുള്ള സ്റ്റാറ്റസ് റിപ്പോർട്ട് ബുക്ക് കോപ്പി ഒന്നിന് 3320/-രൂപ പ്രിന്റിംഗ് ചാർജ്ജ് വന്നിട്ടുണ്ട്. പ്രാദേശിക നിരക്കിനേക്കാൾ വളരെ ഉയർന്ന നിരക്കാണെങ്കിൽ ക്വട്ടേഷൻ റദ്ദ് ചെയ്യാവുന്നതാണെങ്കിലും ഇപ്രകാരം ചെയ്തിട്ടില്ല. രായമംഗലം, വേങ്ങൂർ മുതലായ സമീപ പഞ്ചായത്തുകളിലെ അച്ചടിനിരക്ക് പേജിന് യഥാക്രമം 32/-രൂപ, 24/-രൂപ എന്നിങ്ങനെയാണ് എന്നതും പൊതുപ്പണം ചെലവഴിക്കുന്നതിൽ പഞ്ചായത്ത് ജാഗ്രത പുലർത്തുന്നില്ല എന്നതിന് തെളിവാണ്. ഇക്കാര്യത്തിൽ വിശദീകരണം ആരാഞ്ഞ് 29.01.2019 ന് നൽകിയ 11-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഒന്നും ലഭ്യമായിട്ടില്ല. ഇത്തരം അധിക ചെലവുകൾ വരുന്നത് ഒഴിവാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ് .

## 3-6 തെരുവു വിളക്കുകളുടെ കറണ്ട് ചാർജ്ജ്

ഗ്രാമപഞ്ചായത്തിലെ തെരുവു വിളക്കുകളുടെ കറണ്ട് ചാർജ്ജ് ഒടുക്കി വരുന്നത് അൺമീറ്ററേഡ് സമ്പ്രദായത്തിലാണ്. പ്രതിമാസം 42041/-രൂപയാണ് ഒടുക്കുന്നത്. പോത്താനിക്കാട് KSEB യിൽ നിന്നും ലഭ്യമാക്കിയ തെരുവു വിളക്കുകളുടെ കറണ്ട് ചാർജ്ജിന്റെ വിശദാംശം ചുവടെ കൊടുക്കുന്നു.

| ഇനം | എണ്ണം | നിരക്ക് | തുക |
|---|---|---|---|
| സാധാരണ ബൾബ് 60w | 154 | @102 | 15708 |
| ഫ്ലൂറസന്റ് ട്യൂബ് 40w | 55 | @66 | 3630 |
| ഫ്ലൂറസന്റ് ട്യൂബ് 2x40w | 111 | @134 | 14874 |
| SV ലാമ്പ് 250w | 11 | @447 | 4917 |
| CFL 2x11 | 91 | @32 | 2912 |
| | | | 42041 |

പ്രതിമാസം ഒടുക്കുന്ന തുകയിൽ സാധാരണ ബൾബിന്റെയിനത്തിൽ മാത്രം 15708/- രൂപ ഒടുക്കുന്നു. ഇതു വഴി ഒരു വർഷം 188406 (15708 x12)രൂപ ചെലവഴിക്കാനിടയാകുന്നു. വൈദ്യുതി ഉപഭോഗം കുറവുള്ള LED ലാമ്പുകൾ ഉപയോഗിക്കുകയാണെങ്കിൽ വൈദ്യുതി ചാർജിനത്തിൽ തുക ലാഭിക്കാൻ സാധിക്കുമെന്നതിനാൽ സ്ട്രീറ്റ് ലൈറ്റിൽ ഉൾപ്പെട്ട ഓർഡിനറി ബൾബുകൾക്ക് പകരം LED ലാമ്പുകൾ ഉപയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. തെരുവു വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തി ഉപയോഗിക്കുന്ന വൈദ്യുതിക്ക് മാത്രം തുക നൽകുന്നതും പഞ്ചായത്തിന്റെ ധനസ്ഥിതിക്ക് അഭികാമ്യമാണ്.

## 3-7 സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരം-പിഴയിനത്തിൽ വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുന്നത് ലക്ഷങ്ങൾ.

ഗ്രാമപഞ്ചായത്തിലെ സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരമായി പ്രതിമാസം 64750/-രൂപ വീതം 2017നവംബർ മാസം വരെയും തുടർന്ന് 61250 രൂപാ വീതവുമാണ് ഒടുക്കി വരുന്നത്. വാട്ടർ

അതോറിറ്റിയിൽ നിന്നും പ്രതിമാസം നൽകിയ ബിൽ പ്രകാരമുള്ള തുക തൻവർഷം, അതാത് മാസത്തിൽ തന്നെ ഒടുക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം 01-04-17ലെ വെള്ളക്കരം കുടിശ്ശിക ഫൈൻ ഉൾപ്പെടെ 66,63,461/- രൂപയാണ്. വെള്ളക്കര കുടിശ്ശികയ്ക്ക് വാട്ടർ അതോറിറ്റി പ്രതിമാസം 2% നിരക്കിലാണ് ഫൈൻ ചുമത്തുന്നത്. കുടിശ്ശിക തീർപ്പാക്കാൻ സാധിക്കാത്തതിനാൽ പിഴയിനത്തിൽ ലക്ഷങ്ങളാണ് വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തിട്ടുള്ളത്.തൻ വർഷം ചുമത്തിയ പിഴയുടെ വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| 01-04-17 ലെവെള്ളക്കരം കുടിശ്ശിക (ഡിമാന്റ് നോട്ടീസ് നം16573/11-04-17 ) | 66,63,461/- |
| തൻവർഷത്തിലെ വെള്ളക്കരം ഡിമാന്റ് ചെയ്തത്(64750x8 +61250x4) | 7,65,000/- |
| തൻ വർഷം ഒടുക്കിയത് | 7,65,000/- |
| 31-03-18 ലെവെള്ളക്കര കുടിശ്ശിക (ഡിമാന്റ് നോട്ടീസ് നം23878/05-03-18 ) | 80,73,496/- |
| തൻ വർഷം മാത്രം ഡിമാന്റ് ചെയ്ത പലിശ | 14,10,035/- |

2018-19 വർഷം സ.ഉ.(സാധാ) നം9858/2018/ധന. തീയതി 29-11-18 പ്രകാരം വികസന ഫണ്ടിന്റെ 3-ാം ഗഡുവിൽ നിന്ന് 1351807/- രൂപയും സ. ഉ (സാധാ) നം 10069/2018/ധന. തീയതി 07-12-18 പ്രകാരം പൊതു ആവശ്യ ഫണ്ടിന്റെ 9-ാം ഗഡുവിൽ നിന്ന് 337932/- രൂപയും കേരള ജല അതോറിറ്റിക്ക് അടയ്ക്കേണ്ട കുടിശ്ശികയിനത്തിൽ കുറവു ചെയ്തിട്ടുണ്ട്. പൊതുവെ തനതു വരുമാനം കുറഞ്ഞ പഞ്ചായത്തിൽ ലക്ഷങ്ങൾ പിഴയിനത്തിൽ ഒടുക്കേണ്ടിവരുന്നതും വികസന പ്രവർത്തനങ്ങൾക്കുള്ള ഫണ്ടിൽ നിന്നും തുക കുറവു വരുത്തുന്നതും ഗ്രാമപഞ്ചായത്തിന്റെ വികസനത്തെ പിന്നോട്ടടിക്കുന്നു. അതിനാൽ വെള്ളക്കരം കുടിശ്ശിക തീർപ്പാക്കുന്നതിനുള്ള സത്വരനടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-8 മുൻകൂർ നൽകിയത് പൂർണമായും റീക്കൂപ്പ് ചെയ്തിട്ടില്ല

എ) കേരള സംസ്ഥാന സാക്ഷരത മിഷൻ അതോറിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന തുടർ വികസന വിദ്യാകേന്ദ്രത്തിലെ പ്രേരക് മാർക്ക് തദ്ദേശസ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും വിതരണം ചെയ്യുന്ന ഓണറേറിയം തുടങ്ങിയ ആനുകൂല്യങ്ങൾ സംസ്ഥാന സാക്ഷരത മിഷനിൽ നിന്നും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് നൽകുന്നതാണെന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ തൻ വർഷം തനത് ഫണ്ടിൽ നിന്നും 78943/-രൂപ പ്രേരകിന് കുടിശ്ശിക ഓണറേറിയം ഉൾപ്പെടെ നൽകിയിട്ടുണ്ട്. നാളിതുവരെ ടി തുക റീക്കൂപ്പ് ചെയ്ത് ലഭിച്ചിട്ടില്ല.

ബി) സ.ഉ (സാധാ) നം 2096/2017 തസ്വഭവ തീയതി 21-06-17 പ്രകാരം മഴക്കാലപൂർവ്വ ശുചീകരണംപ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്ത് വാർഡ് തലത്തിൽ നടത്തുന്നതിന് ഓരോ വാർഡിലും 25000/-രൂപ വരെ ചെലവഴിക്കാവുന്നതും ടി തുക ചെലവഴിച്ചതിനുശേഷം ആയത് ക്രമവൽക്കരിക്കുന്നതിനുള്ള നടപടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ യഥാസമയം സ്വീകരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. തൻവർഷം ടിയിനത്തിൽ താഴെപ്പറയും പ്രകാരം തുകചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| ഓരോ വാർഡിനും നൽകിയ തുക @9000 | 117000/-രൂപ (13x 9000) |

എന്നാൽ 89582/- രൂപ മാത്രമാണ് റീക്ലപ്പ്ചെയ്ത് ലഭിച്ചിട്ടുള്ളത്.

തനത്  വരുമാനം കുറവുള്ള പഞ്ചായത്തിൽ മേൽ തുകകൾ റീക്കപ്പ് ചെയ്ത് ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 തെരുവ് വിളക്ക് മെയിന്റനൻസ് - അപാകതകൾ

പഞ്ചായത്തിൽ തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾക്കായി 'സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് ' എന്ന സ്പിൽ ഓവർ പ്രോജക്ട് നടപ്പിലാക്കി താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് |
| പ്രോജക്ട് നം | S014/18 |
| അടങ്കൽ | 1,95,000/- (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | 1,95,000/- |
| ബിൽ നമ്പർ | 12/17-18 തീയതി 18.08.2018 |

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ മേൽ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1)13 വാർഡുകളിലെയും വാർഡുതല ഗുണഭോക്തൃ സമിതികളാണ് തെരുവ് വിളക്ക് മെയിന്റനൻസ് ഏറ്റെടുത്തിട്ടുള്ളത്. 3055/ ഡി എ3/2011/തസ്വഭവ തീയതി 05.09.2011 നമ്പർ സർക്കുലറിലെ പൊതു വിവരണം ഖണ്ഡിക ബി) പ്രകാരം തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി അംഗീകൃത കരാറുകാർക്ക് മാത്രം ആനുവൽ മെയിന്റനൻസ് കോൺട്രാക്ട് നൽകുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്.

2) ഈ ഗുണഭോക്തൃ സമിതികൾ കൊല്ലപ്പിള്ളിൽ ഇലക്ട്രിക്കൽസ്, പോത്താനിക്കാട് എന്ന സ്ഥാപനത്തിൽ നിന്നും 24.03.2017 തീയതിയിലെ ആകെ 2,59,865/- രൂപയുള്ള തെരുവ് വിളക്ക് സാമഗ്രികൾ വാങ്ങിയതിന്റെ ബില്ലുകൾ സമർപ്പിക്കുകയും കരാർ പ്രകാരം വാർഡൊന്നിന് 15,000/- രൂപ നിരക്കിൽ ആകെ 1,95,000/- രൂപ ഗുണഭോക്തൃ സമിതികൾക്ക് കൈമാറുകയുമാണ് ചെയ്തിട്ടുള്ളത്. ബില്ലുകളിൽ TIN രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും നികുതി ചേർത്തിട്ടില്ല.
അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 29.01.2019 ലെ 9-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നല്കിയ മറുപടിയിൽ 2014-15, 2015-16 വർഷങ്ങളിൽ പദ്ധതിക്ക് ടെൻഡർ ലഭിക്കാതിരുന്ന സാഹചര്യത്തിൽ വാർഡുതല ഗുണഭോക്തൃ സമിതി മുഖേന പദ്ധതി അടിയന്തിരമായി ഏറ്റെടുത്ത് നടത്തേണ്ട സാഹചര്യമുണ്ടായതിനാൽ ഭരണസമിതി തീരുമാനത്തിന്റെയും ആസൂത്രണ സമിതി അംഗീകാരത്തിന്റെയും അടിസ്ഥാനത്തിലാണ് പദ്ധതി നടപ്പിലാക്കിയതെന്നുമാണ്. കൊല്ലപ്പിള്ളി ഇലക്ട്രിക്കൽസ്, പോത്താനിക്കാട് എന്ന സ്ഥാപനത്തിന്റെ 24.03.2017ലെ 2,59,865/-രൂപയുള്ള വിവിധ ബില്ലുകളിന്മേലുള്ള നികുതി വിവരങ്ങൾ ആവശ്യപ്പെട്ട് കത്ത് നൽകുന്നതാണെന്നും വിവരം ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട്. ആയത് ലഭ്യമാക്കേണ്ടതും പദ്ധതികൾ നടപ്പിലാക്കുമ്പോൾ സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 5,00,000 | മോസ്കോ കവല അങ്കണവാടി നിർമാണം | 0 | 5,00,000 |
| | 2017-18 | 5,00,000 | അങ്കണവാടി നിർമാണം | 5,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 190000 | ക്ഷീര സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 190000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 81,000 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 81,000 | 0 |
| ജില്ലാപഞ്ചായത്ത് | 2017-18 | 35,00,000 | ലൈഫ് മിഷൻ | 6,80,000 | 28,20,000 |
| ജില്ലാപഞ്ചായത്ത് | 2017-18 | 3,82500 | നെൽകൃഷി-കൂലി ചെലവ് | 3,82500 | 0 |
| | 2017-18 | 1,00,000 | ശാരീരിക -മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 1,00,000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| പ്രൊജക്ട് | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 168/18 | കേരള വാട്ടർ അതോറിട്ടി | വാരപ്പെട്ടി കക്കാട്ടൂർ റോഡിൽ കടിവെള്ള പൈപ്പ് സ്ഥാപിക്കൽ | 175977 | 175977 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| 177/18 | കേരള വാട്ടർ അതോറിട്ടി | ലൈബ്രറിപ്പടി ലക്ഷം വീട് കോളനി റോഡിൽ പൈപ്പ് മാറ്റി സ്ഥാപിക്കൽ | 15000 | 15000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |

.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഈയിനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

.

## 4-4 വായ്പ തിരിച്ചടവിന്റെ വിവരം

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം. /തീയതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | EMS ഭവന വായ്പ | 483/09 ത.സ്വ.ഭ.വ തീ. 11.02.2009 | 63,16,875 | 1862323 | 600000 | - | 1262323 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

.

# 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ ഉദ്യോഗപ്പേര് | രശീതി നം./ തീയ്യതി |
|---|---|---|---|---|
| 2015-16 | 3-7 | 9899 | സുനിത- ഹെഡ് ക്ലർക്ക് | 117040100733 dtd27/6/2017 |
| 2015-16 | 3-2 | 1534 | ബിന്ദു പി. ജെ. | 117040100297 dtd 29-4-17 |
| 2015-16 | 3-1 | 612 | കെ. പി. കുര്യാക്കോസ് | 117040100198 dtd20-04-17 |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

.

# 4-8 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല

.

# 4-9 ഓഡിറ്റ് പ്രത്യുവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 48689427.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 47586553.00 |
| വരവിനങ്ങളിലുള്ള നഷ്ടം | --- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 92960.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 81250.00 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-4 | | 92960 | ശ്രീമതി ലാലു ഇ.ബി., അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 81250 | ഡോ. റസീന കരിം, വെറ്ററിനറി സർജൻ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ലാലു ഇ.ബി.<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>കവളങ്ങാട് | പാക്കാട്ട്,<br>ചെറുവട്ടൂർ,<br>കോതമംഗലം |
| ഡോ. റസീന കരീം<br>വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ<br>പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത് | കുന്നശ്ശേരി,<br>പിടവൂർ,<br>പല്ലാരിമംഗലം. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.ഇ.(പി.7)1440/08 തീ. 8.4.2009 |
| 1999-00 | എൽ.എഫ്.ഇ.(പി.1)1318/01 തീ. 16.1.2002 |
| 2000-01 | എൽ.എഫ്.ഇ.(പി.1)909/02 തീ. 16.2.2002 |
| 2001-02 | എൽ.എഫ്.ഇ.(പി.1)862/03 തീ. 14.11.2003 |
| 2002-03 | എൽ.എഫ്.ഇ.(പി.1)284/05 തീ. 15.11.2005 |
| 2003-04 | എൽ.എഫ്.ഇ.(പി.7)1442/08 തീ. 8.4.2009 |
| 2004-05 | എൽ.എഫ്.ഇ.(പി.7) 1443/08 തീ. 8.4.2009 |
| 2005-06 | എൽ.എഫ്.ഇ.(പി.7) 1444/08 തീ. 8.4.2009 |
| 2006-07 | എൽ.എഫ്.ഇ.(പി.7) 1445/08 തീ. 8.4.2009 |
| 2007-08 | എൽ.എഫ്.ഇ.(പി.7)850/12 തീ. 12.7.2012 |
| 2008-09 | എൽ.എഫ്.ഇ.(പി.7)851/12 തീ. 12.7.2012 |
| 2009-10 | എൽ.എഫ്.ഇ.(പി.7)296/11 തീ. 12.7.2012 |
| 2010-11 | എൽ.എഫ്.ഇ.(പി.7)852/12 തീ. 12.7.2012 |
| 2011-12<br>2012-13 | എൽ.എഫ്.ഇ.(പി.7) 1351/14 തീ. 12.12.2014 |
| 2013-14<br>2014-15 | കെ.എസ്.എ. ഇ.കെ.എം.(പി. 7) 423/16 തീ. 21.5.2016 |
| 2015-16 | കെ.എസ്.എ. ഇ.കെ.എം.(പി. 7) 42/17തീ. 16.1.2017 |
| 2016-17 | കെ.എസ്.എ. ഇ.കെ.എം.(പി. 7) 1855/17തീ. 28.11.2017 |

അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ല

.

## അനുബന്ധം -1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ -ഇ.കെ.എം(പ7)145/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്.
ഫോൺ 0484 2422271
ഇ മെയിൽ doekm.ksad@kerala.gov.in

തീയതി:05/03/2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും വാരപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ല

.

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1. വസ്തുനികുതിയുടെ സഞ്ചയ പ്രകാരമുള്ള ഡി.സി.ബി.സ്റ്റേറ്റ്മെന്റ് വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

2. ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായി അക്കൗണ്ട് ചെയ്ത് വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

3. ബി-4 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളതും തനത് ഫണ്ടിനൊപ്പം നിക്ഷേപിച്ചിട്ടുള്ളതുമായ ഗ്രാന്റ് തുകകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്